പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 904** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണവകുപ്പിന്റെ ആസ്തിയിൽപ്പെട്ട റോഡുകൾ ഏറ്റെടുക്കുന്ന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ
ശ്രീ. വി. കുഞ്ഞികൃഷ്ണൻ
ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണവകുപ്പിന്റെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഉത്തരവ് നമ്പർ G.O (Rt) 5/2012/PWD dated 07.01.2012, GO (MS)No.6/2013/ PWD dated 15.01.2013 എന്നിവ പ്രകാരമാണ് അവസാനമായി തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. LSGD റോഡ്സ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- The road should have a minimum land

  with 8m.

- The road should pass through more

  than two Panchayath.

- The road should have regular bus

  traffic.

- The road should connect two important PWD Roads and should serve as essential links for ensuring continuous traffic. The PWD road shall decide whether such roads are essential link roads connecting important PWD Roads.

സർക്കാരിന്റെ നിലവിലുള്ള നയപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ 2013-ന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

**(ബി)** പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള അർഹത മാനദണ്ഡങ്ങൾ

എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സർക്കാരിന്റെ നിലവിലുള്ള നയപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ 2013-ന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

എന്നാൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത വിഭാഗം 11.94 കി.മീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്.

**(സി)** ദേശീയ പാതകളെയും സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി പൊതുജനം ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദീകരിക്കാമോ?

**<u>മറുപടി:</u>** സർക്കാരിന്റെ നിലവിലുള്ള നയപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ 2013-ന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

ദേശീയപാതകളെയും സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി പൊതുജനം ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ വകുപ്പ് ഏറ്റെടുക്കുന്നതിന് കർമ്മപദ്ധതി നിലവിലില്ല.

**സെക്ഷൻ ഓഫീസർ**